# പിന്നോട്ട്

അറിവിന്റെ ആദ്യ അക്ഷരം എന്നമ്മയ്ക്ക് ശേഷം
തന്നു നീ നാവിൽ എൻ വിദ്യാലയമെ
ജീവിതമാം ഒറ്റയടി പാതയിൽ നീ മാറിയെന്നും
തണലേകും മേഘ സ്തംഭമായും പ്രകാശമേകും അഗ്നി സ്തൂപമായും
എന്നോ ആ മുറ്റം വിട്ടകന്ന എൻ ഹൃദയം വീണ്ടും കൊതിക്കുന്നു
ആ തിരുമുറ്റം തന്നിലണയാൻ വീണ്ടുമാ കരുതലിൻ തോളിലേറാൻ

ബാല്യത്തിൽ കുടിയേറിയ കളങ്കമില്ലാ സൗഹൃദ ചൂരും
കൂട്ടമണി തൻ മാറ്റൊലിയിൽ പരന്ന സ്നേഹത്തിൻ ഉപ്പ് കൂട്ടി കുഴച്ച
ചോറിൻ മണവും വീണ്ടും കൊതിക്കുന്നീ മനസ്സ്
കാലമേ ഒരിക്കൽ കൂടി നീ തിരിയൂ പിന്നോട്ട് ഇനിയുമേറെ പിന്നോട്ട്

by

DONA JOICE
ST.XAVIER'S UPS KOORU